


# THE BIBLE TRUTH

# ബൈബിൾ വിവരണം

(66 പുസ്തകങ്ങൾ)



# THE BIBLE TRUTH

Editors

P. K. VARGHESE — J. C. CHOATE

000 000 000

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനർക്രമീകരണം

Vol. 18 | October 2004 | No. 7


## എഡിറ്റോറിയൽ

മതപരമായ സംഘടനകൾ ഇന്നു ധാരാളം സൽപ്രവൃത്തികൾ ചെയ്യുന്നുണ്ട്. മാനുഷിക പരിഗണന വെച്ചുകൊണ്ടു ചെയ്യുന്നവയാണ് അവ. മതത്തെ ആകർഷിക്കുന്നതാണെന്ന ധാരണ മുമ്പത്തേക്കാൾ അധികം ഇന്നു വർദ്ധിച്ചു വരുന്നുണ്ട്. വിദ്യാഭ്യാസം കടന്നു ചെല്ലാത്ത മേഖലയിൽ അതെത്തിക്കുക എന്നതു വലിയൊരു ദൗത്യമാണ്. ഇതിന്നു തുടക്കം കുറിച്ചവർ വളരെ ത്യാഗം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അതു പിൽക്കാലത്തു വളരെ ഫലം ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ വിലയെന്തെന്നു അറിഞ്ഞിട്ടില്ലാത്തവർ തങ്ങളുടെ മക്കളെ അക്ഷരാഭ്യാസം കൊടുക്കുവാൻ തല്പരരായി. ചുററും നടക്കുന്ന കാര്യങ്ങൾ അതുമൂലം അവർക്കു അറിയാൻ കഴിഞ്ഞു. തന്നെയുമല്ല അവർക്കു നഷ്ടമാകുന്നതു, മററുള്ളവർ അവരെ ചൂഷണം ചെയ്യുന്നതു ഒക്കെ അവർ തിരിച്ചറിയാൻ തുടങ്ങി. അങ്ങനെ സമൂഹത്തിലെ അനീതികൾ കുറെയൊക്കെ പുറത്തു വന്നു. അറിവിന്റെ പാഠം ജനങ്ങളെ നല്ല സംസ്കാരത്തിലേക്കു നയിച്ചു. തന്നെയുമല്ല ജനങ്ങളുടെ ജീവിത നിലവാരം ഉയരാൻ തുടങ്ങി. അറിവിന്റെ നേട്ടങ്ങൾ ഇങ്ങനെ നീണ്ടു പോകുന്നു. ഇതു മററുള്ളവർക്കും പ്രചോദന പ്രദമായി തീർന്നു എന്നു പറയാതെ വയ്യ.

സേവനങ്ങൾ പല രീതിയിൽ വർഷങ്ങളായി നടത്തി വരുന്നു. സൗജന്യമായി നടത്തുന്നവരും വേതനം കൈപ്പ

റി നടത്തുന്നവരും ഉണ്ട്. ഏററവും ഹീനമായ രോഗങ്ങൾക്കടിമപ്പെട്ടു കഴിയുന്നവരെ സ്പർശിക്കുവാൻ പോലും മടിച്ചിരുന്നവരെ കഴുകി വൃത്തിയാക്കി മരുന്നു പുരട്ടുകയും മററും ചെയ്തിരുന്ന സേവന സന്നദ്ധരായ ആളുകൾ എത്രയോ പേർക്കു ആശ്വാസം ആയിട്ടുണ്ട്. കുഷ്ഠരോഗികളെ അവരുടെ നിരാലംബാവസ്ഥയിൽ കുളിപ്പിക്കുവാനും ആഹാരവും മരുന്നും എല്ലാം കൊടുക്കുവാനും തയ്യാറായ എത്രയോ നഴ്സുമാർ ഉണ്ടായിരുന്നു. അവർ ഇത്തരം ജോലി ഒരു അറപ്പും കൂടാതെ ചെയ്തിരുന്നു. ഇതൊരു ദൈവിക ശുശ്രൂഷയായിട്ടാണ് അവർ കരുതിയിരുന്നതു. വളരെ ആത്മാർത്ഥതയോടും കരുതലോടും ആതുര ശുശ്രൂഷ ഒരു മഹത്തായ കടമയായി കരുതി ചെയ്യുന്നവർ ഇന്നുമുണ്ട്. സമൂഹത്തിൽ ഒററപ്പെടുന്ന ഇവരുടെ വേദന ശരീരത്തിനു മാത്രമല്ല, മനസ്സിനും ഉണ്ട്. അങ്ങനെ സ്വയം ദുഃഖിച്ചും വേർപ്പെട്ടും കഴിയുന്നവരെ സ്നേഹിക്കുവാൻ ആളുണ്ടെന്നു കാണുന്നതു അവർക്കു തികച്ചും തണുപ്പു പകരുന്നതാണ്. മറെറാരാളുടെ സങ്കടം ദൂരീകരിക്കാൻ കഴിയുക എന്നതു നിസാരമായ കാര്യമല്ല. എല്ലാവർക്കും അതു ചെയ്യുവാൻ മനസ്സു കാണുകയില്ല. എല്ലാ മനുഷ്യരേയും ഒരേപോലെ കാണുകയും അവരെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുവാൻ ഒരാൾക്കു കഴിഞ്ഞാൽ അതൊരു പുണ്യപ്രവൃത്തി തന്നെയാണ്.

ചേരി പ്രദേശങ്ങളിൽ ദാരിദ്ര്യവും രോഗവും അവരുടെ സന്തതസഹചാരിയാണ്. അവർക്കിടയിൽ ചെന്നു അവരെ ഉദ്ധരിക്കുവാൻ ആരെങ്കിലും തയ്യാറാകുന്നതിൽ മതവിദ്വേഷം കൊള്ളേണ്ട ആവശ്യമുണ്ടോ ? ഏതു മതം ചെയ്തു എന്നതല്ല നോക്കേണ്ടതു. അവർ ചെയ്യുന്ന പ്രവൃത്തിയാണ് നോക്കേണ്ടതു. സാമൂഹ്യ സേവനവും സൽപ്രവൃത്തിയും മനുഷ്യത്വപരമായ ഒന്നാണ്.

★

# ആരാധനയിൽ എന്ത് അടങ്ങിയിരിക്കുന്നു ?

J. C. ചോട്ട്

ക്രിസ്തു പറഞ്ഞു, ''ദൈവം ആത്മാവാകുന്നു. അവനെ നമസ്കരിക്കുന്നവർ സത്യത്തിലും ആത്മാവി ലും നമസ്കരിക്കണം'' (യോഹന്നാൻ 4:24). ഇതൊരു പ്രത്യേകതയുള്ളതും എന്നാൽ വളരെ ലളിതവുമായ പ്രസ്താവനയാണ് ! ദൈവം ആത്മാവാകുന്നു, സകലത്തിന്റേയും സൃഷ്ടി കർത്താവ്, അവൻ ആരാധിക്കപ്പെടേണ്ടവൻ തന്നെ. നാം നമസ്ക്കരിക്കുന്നതു അവൻ സ്വീകരിക്കണമെങ്കിൽ അതു സത്യത്തിലും ആത്മാവിലും ആയിരിക്കണം. ''ആത്മാവിൽ'' എന്നതു സൂചിപ്പിക്കുന്നതു ആത്മാർത്ഥത, വികാരം, അടങ്ങിയിരിക്കുന്നു. ദൈവത്തെ പുകഴ്ത്തി മഹത്വപ്പെടുത്തുക എന്ന ഉദ്ദേശമായിരിക്കണം. അതിനർത്ഥം അവന്റെ മനസ്സ് അവൻ ചെയ്യുന്നതിൽ കേന്ദ്രീകരിക്കണം. ആരാധനയുടെ ഓരോ ഭാഗത്തും മനസ്സിനെ കേന്ദ്രീകരിക്കേണ്ടതു ആവശ്യമാണ്. മററു കാര്യങ്ങളിലേക്കു മനസ്സു വ്യാപൃതമായി പോകരുത്. 'സത്യം' കൊണ്ടു സൂചിപ്പിക്കുന്നതു ദൈവേഷ്ടത്തിനായി കീഴ്പ്പെടണം എന്നതാണ്. അതു അവന്റെ ഉപദേശത്തേയും കല്പനകളേയും അനുസരിക്കുന്നതിലൂടെയാണ്.

തന്റെ ജനം തന്നെ സത്യത്തിലും ആത്മാവിലും ആരാധിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. അതു കർത്താവിന്റെ ദിവസമായ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ആയിരിക്കേണം (പ്രവൃത്തി 20:7; വെളിപ്പാട് 1:10). അതു നമുക്കു ഞായറാഴ്ച്ച ആയി വരും. ആരാധനയിൽ ഉൾപ്പെട്ടിരിക്കേണ്ട കാര്യം തന്റെ മക്കളായ കർത്താവിന്റെ സഭയിലെ അംഗങ്ങളോടു അവൻ നിർദ്ദേശിച്ചിട്ടുണ്ട്. അവ താഴെ പറയുന്നു.

1. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ക്രിസ്ത്യാനികൾ ദൈവ വചനം പഠിക്കുവാൻ ഒരുമിച്ചു കൂടണം. ദൈവം മനുഷ്യരോടു സംസാരിക്കുന്നതു ഈ രീതിയിലാണ്. അവൻ നമ്മോടു നേരിട്ടല്ല സംസാരിക്കുന്നതു. വചനത്തിനപ്പുറത്തുമല്ല, എഴുതപ്പെട്ട വചനത്തിൽ കൂടെയാണ് അവൻ തന്റെ ജനത്തോടു സംസാരിക്കുന്നത്. ദൈവത്തിനു നമ്മോടു പറയുവാനുള്ളതു വെളിപ്പെടുത്തി ബൈബിളിൽ എഴുതിയിരിക്കയാണ്. രക്ഷയെ കുറിച്ച്, സഭയെ കുറിച്ച്, ക്രിസ്തീയ ജീവിതത്തെ കുറിച്ച്, സ്വർഗ്ഗം, നരകം എന്നിവയെ സംബന്ധിച്ചും വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ദൈവ വചനം പഠിക്കണം എന്നു പറയാൻ കാരണം. വെറുതെ വായിച്ചാൽ പോരാ. ശ്രദ്ധയോടെ വായിച്ച് ഗ്രഹിക്കണം. ദൈവവചനത്തെ യഥാർത്ഥമായി പ്രസംഗിച്ച് ദൈവത്തിനു കൊള്ളാകുന്നവൻ ആകുവാൻ പൌലൊസ് തിമൊഥെയൊസിനെ പ്രബോധിപ്പിക്കുന്നു (2തിമൊഥെയൊസ് 2:15). സകല സൽപ്രവൃത്തിയിലും നമ്മെ തികഞ്ഞവരാക്കുന്നതു ദൈവ വചനമാണ് 2തിമൊഥെയൊസ് 3:16_17). ദൈവ വചനം കേട്ടുകൊണ്ടു വേണം ആളുകൾക്കു വിശ്വാസം വരുവാൻ (റോമർ 10:17).

2. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ക്രിസ്ത്യാനികൾ കൂടി വന്നു പ്രാർത്ഥിക്കണം. ദൈവ ജനം ദൈവത്തോടു സംസാരിക്കുന്ന രീതിയാണിത്. പെന്തെക്കൊസ്തു നാളിൽ 3000 പേർ സ്നാനം ഏറ്റു രക്ഷിക്കപ്പെട്ടപ്പോൾ അവരെ കർത്താവു തന്റെ സഭയോടു ചേർത്തു (പ്രവൃത്തി 2:37,38,47). അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു (പ്രവൃത്തി 2:42). ആരാധനയുടെ ഭാഗമായിട്ടുള്ളതാണ് പ്രാർത്ഥന. ക്രിസ്ത്യാനികളായി തീർന്നവർ ഇതു തുടർന്നു വന്നിരുന്നു. പ്രാർത്ഥനയുടെ ആവശ്യത്തെ കുറിച്ചും പ്രാധാന്യത്തെ കുറിച്ചും ധാരാളം വേദഭാഗങ്ങളിൽ പറയുന്നുണ്ട് (1തെസലൊനിക്യ

ർ 5:17). നമ്മുടെ ആവശ്യങ്ങൾ നാം ദൈവത്തോടു അറി യിക്കണം (ഫിലിപ്പിയർ 4:6). മടുത്തു പോകാതെ നാം എപ്പോഴും പ്രാർത്ഥിക്കണം (ലൂക്കൊസ് 18:1). നമ്മു ടെ മദ്ധ്യസ്ഥനും കാര്യസ്ഥനുമായ യേശുക്രിസ്തുവി ൻെറ നാമത്തിൽ വേണം പ്രാർത്ഥിക്കുവാൻ (യോഹന്നാൻ 14:13; 1യോഹന്നാൻ 2:1). അവൻെറ ഇഷ്ടപ്രകാരം വേ ണം നാം പ്രാർത്ഥിക്കുവാൻ (1യോഹന്നാൻ 5:14, 15).

3. കർത്തൃദിവസം ക്രിസ്ത്യാനികൾ കൂടി വരുന്ന തു ദൈവത്തെ പാടി പുകഴ്ത്തുന്നതിനാണ്. "സങ്കീർ ത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവി നു പാടിയും.....(എഫെസ്യർ 5:19), അതേ പ്രസ്താവന കൊലൊസ്യർക്കു എഴുതുമ്പോഴും നൽകുന്നു (കൊലൊ സ്യർ 3:16). ആത്മാവുകൊണ്ടും ബുദ്ധി കൊണ്ടും പ്രാ ർത്ഥിക്കുകയും പാടുകയും ചെയ്യും (1കൊരിന്ത്യർ 14: 14-15). വാദ്യോപകരണങ്ങൾ ഉപയോഗിച്ചു പാട്ടു പാടു ന്നതായി പുതിയ നിയമത്തിൽ ഒരിടത്തും പറയുന്നില്ല. മറിച്ചു ഹൃദയത്തിൽ കർത്താവിന്നു പാടുക എന്നാണ് പറ ഞ്ഞിരിക്കുന്നതു. ആരാധനയിൽ ദൈവം ആഗ്രഹിക്കുന്ന തു ഹൃദയമെന്ന ഉപകരണമാണ്; വായികൊണ്ടു പാട്ടു പാ ടുന്നതാണ്.

4. ആഴ്ച്ചവട്ടത്തിൻെറ ഒന്നാം നാളിൽ ക്രിസ്ത്യാനി കൾ കൂടി വന്നു കർത്താവിൻെറ ഓർമ്മക്കായി അത്താഴത്തി ൽ പങ്കെടുക്കണം. ഈ ലോകത്തിൽ നമ്മെ രക്ഷിച്ചു വരുവാ നുള്ള ലോകത്തിൽ നാം നിത്യജീവൻ പ്രാപിക്കേണ്ടതിന്നു യേശു ക്രൂശിൽ മരിച്ചു. നമുക്കു വേണ്ടി യാഗമായി തീ ർന്ന കർത്താവിൻെറ മരണത്തെ ഓർക്കയും പ്രസ്താവിക്ക യും ചെയ്തു പുളിപ്പില്ലാത്ത അപ്പത്തിൽ നിന്നു ഭക്ഷിക്കു വാനും പാനപാത്രത്തിൽ നിന്നു കുടിക്കുവാനും പറഞ്ഞി രിക്കുന്നു (പ്രവൃത്തി 20:7; മത്തായി 26-28). രക്തത്തി ൻെറ ഓർമ്മക്കായിട്ടാണ് മുന്തിരി വള്ളിയുടെ അനുഭവത്തി ൽ നിന്നു കുടിക്കുന്നതു.

5. കുടുംബമായി ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ കൂടി വന്നു നമുക്കുള്ള പണം മുതലായ ആദായങ്ങളും പങ്കിടണം. കൊരിന്ത്യയിലെ ക്രിസ്ത്യാനികൾക്കു പൌലൊസ് എഴുതുന്നതു "വിശുദ്ധന്മാർക്കു വേണ്ടിയുള്ള ധർമ്മ ശേഖരത്തിന്റെ കാര്യത്തിലോ ഞാൻ ഗലാത്യ സഭകളോടു പ്രസ്താവിച്ചതു പോലെ നിങ്ങളും ചെയ്‌വിൻ. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ തോറും നിങ്ങളിൽ ഓരോരുത്തൻ തനിക്കു കഴിവുള്ളതു ചരതിച്ചു തന്റെ പക്കൽ വെച്ചു കൊള്ളേണം (1കൊരിന്ത്യർ 16:1-2). "അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതു പോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുതു; നിർബന്ധത്താലുമരുത്. സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു (2കൊരിന്ത്യർ 9:6-7). പഴയ നിയമത്തിൽ ദശാംശം അഥവാ പത്തിലൊന്നായിരുന്നു കൊടുക്കുവാൻ നിർദ്ദേശിച്ചതു. പുതിയ നിയമത്തിൽ നാം അതിലും കൂടുതൽ നൽകുവാൻ കടപ്പെട്ടിരിക്കുന്നു. ഉദാരമായി വിതെക്കുന്നവൻ ഉദാരമായി കൊയ്യും ലോഭമായി വിതെക്കുന്നവൻ ലോഭമായി കൊയ്യും.

ഇവയിൽ ഏതെങ്കിലും ഒന്നു മാററി ദൈവത്തിനു സ്വീകാര്യമായ ആരാധന നടത്തുവാൻ സാധിക്കുമോ? തീർച്ചയായും ഇല്ല. ഓരോന്നും തുല്യ പ്രാധാന്യമുള്ളതാണ്. ഓരോ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളും തുല്യ പ്രാധാന്യമുള്ളതാണ്. ആരാധനയുടെ എല്ലാ ഭാഗങ്ങളിലും നിങ്ങൾ പങ്കെടുക്കണം. ആരാധനാ സമയത്തു മററു കാര്യങ്ങളെ കുറിച്ചു ചിന്തിക്കുകയോ ആളുകളെ കുറിച്ചു ചിന്തിക്കുകയോ ചെയ്യരുത്. ആത്മാർത്ഥതയോടെ, വചന പ്രകാരം ഓരോ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും കൂടി വന്നു ആരാധിക്കുന്നു.

# ഒരു ദുരുപദേഷ്ടാവിനെ എങ്ങനെ തിരിച്ചറിയാം

റിച്ചാർഡ് നോർമാൻ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ദുരുപദേശത്തിനും ദുരുപദേഷ്ടാക്കൾക്കും എതിരായി പഴയ നിയമത്തിലും പുതിയ നിയമത്തിലും ദൈവം തന്റെ ജനത്തെ മുന്നറിയിച്ചിട്ടുണ്ട്. പുതിയ നിയമത്തിൽ എല്ലാ ക്രിസ്ത്യാനികളെയും വ്യർത്ഥ വാക്കുകളാൽ ദുരുപദേശത്തിന്റെ തല തിരിഞ്ഞ സുവിശേഷത്താൽ വഞ്ചിക്കപ്പെടാതിരിപ്പാൻ സൂക്ഷിക്കണമെന്നു പ്രബോധിപ്പിക്കുന്നുണ്ട് (ഗലാത്യർ 1:7). മതപരമായ തെറ്റുകളെ കണ്ടു സത്യവും അസത്യവും വേർതിരിച്ച് മനസിലാക്കണമെന്നു വീണ്ടും വീണ്ടും നമ്മോടു അപേക്ഷിച്ചിട്ടുണ്ട്. അങ്ങനെ ഇല്ലെങ്കിൽ ബൈബിൾ എന്തു കൊണ്ടു അതിനെ ഊന്നി പറയുന്നു? നാം കേൾക്കുന്നതു പരിശോധിക്കണമെന്നു യോഹന്നാൻ പറഞ്ഞിരിക്കുന്നു (1യോഹന്നാൻ 4:1-3). എന്നാൽ മതപരമായ ഒരു കാര്യം സത്യമാണോ അല്ലയോ എന്നറിയാനുള്ള പരിശോധന എങ്ങനെ നടത്തും? ആത്മാക്കളെ എങ്ങനെ വിവേചിക്കും?

ദുരുപദേഷ്ടാക്കളെ തിരിച്ചറിയുന്നതിനു കഴിയുമെന്നു പറയുന്നതു എളുപ്പം, വേണ്ടതു ചെയ്യുന്നതു പ്രയാസം. അവർ വഞ്ചകരാണെന്നു പറഞ്ഞിരിക്കുന്നു. അവർ വെളിച്ച ദൂതന്റെ വേഷത്തിൽ വരും. അവർ നീതിയുടെ ശുശ്രൂഷക്കാരായി അറിയപ്പെട്ടേക്കാം (2കൊരിന്ത്യർ 11:12-15). പുറമെ ആടുകളെ പോലെ ഇരിക്കും. എന്നാൽ അകമേ കടിച്ചു കീറുന്ന ചെന്നായ്ക്കളെ പോലെയാണ് (മത്തായി 7:15). കള്ളക്രിസ്തുക്കൾ വരുമെന്നു പോലും യേശു മുന്നറിയിച്ചിട്ടുണ്ട് (മത്തായി 24:24).

കള്ള അപ്പൊസ്തലന്മാരെ കുറിച്ചു പൗലോസ് മുന്നറിയിക്കുന്നുണ്ട് (2കൊരിന്ത്യർ 11:13). ദുരുപദേഷ്ടാക്കൾ നാശകരമായ ഭിന്നതകൾ കൊണ്ടു വരുമെന്ന് പത്രൊസ് മുന്നറിയിച്ചിട്ടുണ്ട് (2പത്രൊസ് 2:1). പുറമെ കണ്ടാൽ തിരിച്ചറിയാൻ കഴിയുകയില്ല; ആകർഷണീയമായ വ്യക്തിത്വവും സംസാരവുമായിരിക്കും. സൗഹാർദ്ദമായിട്ടായിരിക്കും വരുന്നത്. സ്വാധീനിക്കയും പ്രേരിപ്പിക്കയും ചെയ്യും.

ദുരുപദേശത്തെയും ദുരുപദേഷ്ടാക്കളെയും തിരിച്ചറിയാൻ ഒരേ ഒരു മാർഗ്ഗമേയുള്ളു. ബൈബിൾ പഠിപ്പിക്കുന്നതു നാം അറിഞ്ഞിരിക്കണം. ബൈബിൾ ഉപദേശത്തെ അറിയാത്തവർ വഞ്ചിക്കപ്പെടും. കേട്ടിട്ടില്ലാത്തതും വായിച്ചിട്ടില്ലാത്തതുമായ എന്തെങ്കിലും കേൾക്കുമ്പോൾ ബൈബിളുമായി ഒത്തു നോക്കണം. അതാണ് ബെരോവയിലുണ്ടായിരുന്ന ആളുകൾ ചെയ്തതു. നമ്മളും ചെയ്യേണ്ടതു അതാണ്.

സത്യം നമുക്കു അറിയാൻ കഴിയും എന്നും അതു നമുക്കു അറിയാമെന്നും നാം ഉറപ്പു വരുത്തണമെന്നും യോഹന്നാൻ പറയുന്നു (1യോഹന്നാൻ 2:21). മതപരമായ തെററും ശരിയും എങ്ങനെ വേർതിരിച്ചറിയാമെന്നു യോഹന്നാൻ പറയുന്നു: അതു നാം ആരെ കേൾക്കുന്നു എന്നതനുസരിച്ചായിരിക്കും. ദുരുപദേഷ്ടാക്കന്മാർ ലോകത്തിൽ നിന്നുള്ളവരാണ് എന്ന് യോഹന്നാൻ പറയുന്നു. അവർ ലൗകികന്മാർ ആകയാൽ ലൗകികമായതു സംസാരിക്കുന്നു. ലോകം അവരുടെ വാക്കു കേൾക്കുന്നു. എന്നാൽ ഞങ്ങൾ (യോഹന്നാനും മററു അപ്പൊസ്തലന്മാരും ദൈവശ്വാസീയ പ്രവാചകന്മാരും) ദൈവത്തിൽ നിന്നുള്ളവരാകുന്നു. ദൈവത്തെ അറിയുന്നവൻ ഞങ്ങളുടെ വാക്കു കേൾക്കുന്നു.

★

സ്ത്രീകൾക്കു വേണ്ടി

# "ഓ, എനിക്കതിനു സമയമില്ല"

ബെററി ബർട്ടൻ ചോട്ട്

ഞാൻ ഒരു ചെറിയ കഥ പറയട്ടെ.

അനിത എന്നവൾ ഒരിക്കലും അലസയായിരുന്നില്ല. ആർക്കും അങ്ങനെ പറയാൻ സാദ്ധ്യമല്ല. അവൾ മഹാത്മ്യത്തിന്റെ പ്രതിരൂപമായിരുന്നു. അവൾ ധരിച്ച വസ്ത്രങ്ങൾ, ചെരിപ്പുകൾ, പേഴ്സുകൾ ഓരോന്നും അതതിനു യോജിച്ച നിറമനുസരിച്ചുള്ളതായിരുന്നു. അവളുടെ വസ്ത്രങ്ങൾ ചുളുക്കമില്ലാതെ സൂക്ഷിച്ചിരുന്നു. അതേ കരുതൽ അവളുടെ കുടുംബവും നില നിർത്തിയിരുന്നു. വൃത്തിയായും വെടിപ്പായും വസ്ത്രധാരണം ചെയ്തു പ്രത്യക്ഷപ്പെടുവാൻ ആവശ്യമായ സമയവും വിചാരവും അവൾ കണ്ടെത്തിയിരുന്നു. അവൾ അതിനു നിക്ഷേപം നല്ലതാണെന്നു അവൾക്കു തോന്നിയിരുന്നു.

അവളുടെ വീട് എന്തുകൊണ്ടു മനോഹര മന്ദിരമായി കാണപ്പെട്ടു? ഒന്നും പഴയതെന്നു തോന്നിക്കുവാൻ അവൾ അനുവദിച്ചില്ല. പൊടി ഒന്നിലും പററിപ്പിടിക്കാതെ ഫർണിച്ചറുകൾ മിന്നിത്തിളങ്ങുന്ന രീതിയിൽ സൂക്ഷിക്കുമായിരുന്നു. അവൾ വളരെ ഗൗരവമായി മുറികൾ വീണ്ടും പുതുമയുള്ളതാക്കി നില നിർത്തുവാൻ ഈ വർഷവും വരും വർഷങ്ങളിലും ശ്രദ്ധിക്കുവാൻ അവൾ തീരുമാനിച്ചു. അവളുടെ വീട്ടിലെ ഓരോ കാര്യവും വിശദമായി ശ്രദ്ധിക്കുന്നതിൽ അവൾ സന്തോഷം കണ്ടെത്തി.

അവളുടെ മുററം! കളകൾ വളരുവാൻ അനുവദിച്ചിരുന്നില്ല. ഓരോ ദിവസവും കാലത്തു കിടക്കയിൽ നി

ന്നെഴുന്നേററാൽ കുറച്ചു സമയം പരിസരത്തു ചുററി നട ന്നു നോക്കും. കളയുടെ നാമ്പുകൾ കണ്ടാലുടൻ അനിത അതു പിഴുതു കളയും. അവിടെ അവൾ നിർത്തുന്നില്ല. വേനല്ക്കാലത്തു അവിടെ വലിയൊരു പൂന്തോട്ടം തന്നെ രൂപാന്തരപ്പെടും. അവൾ ചെടികൾ നട്ടു നനച്ചു വളമി ട്ടു മുറിച്ചു കളയേണ്ടവ മുറിച്ചു കളഞ്ഞു മനോഹരമാക്കു മ്പോൾ ഒരു പുണ്യ പ്രവൃത്തി ചെയ്യുന്നതു പോലെയാ ണ് അവൾക്കു തോന്നിയതു; ശൈത്യമാസങ്ങളിൽ അവരു ടെ കുടുംബത്തിന്നു മററൊന്നും ആവശ്യമില്ലാതിരുന്നു.

മാതൃത്വത്തിലും അവൾ തികച്ചും പൂർണ്ണ ശ്രദ്ധ ചെലുത്തിയിരുന്നു. അവളുടെ ഓരോ കുഞ്ഞും ലോക ത്തിലെ ഒരു കേന്ദ്ര ബിന്ദുവാണെന്നു അവൾ കരുതി. പ്ര ത്യേക ഇഷ്ടാനിഷ്ടങ്ങൾ, ആഹാരത്തിൽ, വസ്ത്രത്തി ന്റെ ബ്രാൻറ്, സ്റ്റൈൽ എന്നിവയിലെല്ലാം അവൾ ഒച്ചപ്പാ ടുണ്ടാക്കുമായിരുന്നു. എല്ലാ ഗെയിമുകൾക്കും. സ്കൂളി ലെ വിനോദപ്രദമായ പരിപാടികൾക്കും അവൾ പോകു മായിരുന്നു. അവൾ നല്ല അമ്മയും പ്രവർത്തിക്കുന്ന അ മ്മയും നായകിയുമായിരുന്നു. അവൾ കിടക്കയിലേക്കു പോകുമ്പോൾ ഒന്നിലും കുറവില്ലാതെ 150 ശതമാനം കാ ര്യങ്ങളിൽ പരിപൂർണ്ണ ശ്രദ്ധ ചെലുത്തിയതായി അവൾ വിലയിരുത്തിയിരുന്നു.

അവളുടെ ഭർത്താവു പോലും! ഓ, ബോബ് പ്രത്യേ കതയുള്ള ആളായിരുന്നു. അവളുടെ ഓരോ ദിവസത്തെ യും ലക്ഷ്യം അവൾ തന്റെ ഭർത്താവിനെ അറിയിച്ചിരുന്നു, ഭർത്താവിന്റെ ആവശ്യങ്ങൾ എല്ലാം അറിഞ്ഞു നടത്തികൊ ടുക്കുമായിരുന്നു. അദ്ദേഹത്തിന്റെ മനസ്സു അസ്വസ്ഥ മായിരുന്നപ്പോൾ അവൾ വേണ്ട ആശ്വാസം പകർന്നു കൊ ടുത്തു. ഒരു ഭാര്യ എന്ന നിലക്കു അവൾ ആർക്കും രണ്ടാ മതായിരുന്നില്ല.

പക്ഷെ അവൾ തന്റെ വീട്ടിൽ ഒരു അടിമയായിരുന്നി

ല്ല. അവരംക്കു രസിക്കുവാനുള്ള അവസരം അനിത നോക്കി ഉപയോഗിച്ചിരുന്നു. ആ കാര്യങ്ങളിൽ അവളുടെ കഴിവു അവരം വളർത്തി എടുത്തിരുന്നു. അവരം പാഠങ്ങരം പെയിൻറു ചെയ്തു. ഒഴിവു സമയങ്ങരം അവളുടെ കലാസൃഷ്ടിക്കായി വിനിയോഗിച്ചു. പുതിയ തൊഴിലുകരം ആയ വിലങ്ങനെയുള്ള തയ്യൽ, ലളിത ശില്പങ്ങരം, തടി കൊണ്ടുള്ള ശില്പങ്ങരം എന്നിവ കൊണ്ട് അവളുടെ വീടിനെ അലങ്കരിച്ചിരുന്നു. ഇവയെല്ലാം തമാശയോടെ ചെയ്തതും ഉപയോഗപ്രദമായതും ആണ്. തികച്ചും മനോഹരമാണ് അവ എല്ലാം. അവയെല്ലാം വീടിനെ ശ്രദ്ധിക്കുന്നവരുടെ ഉല്പന്നങ്ങളായി കാണപ്പെട്ടു. സ്നേഹമുള്ള മാതാവു തൻെറ മക്കളെ കരുതുന്നതായും കാണപ്പെട്ടു. ആഹാ, ജീവിതം എത്ര നന്നായി പോകുന്നു!

അതെ അനേക ക്രിസ്ത്യാനികരം അതിൽ തല്പരരാണ്. വീട്ടിലുള്ള എല്ലാവരും നല്ല വസ്ത്രം ധരിച്ചു സമകൂടി വരുമ്പോരം ആരാധനക്കു ഒത്തു ചേരുന്നു. ദൈവപരിജ്ഞാനം കേട്ടു ആത്മീയമായി വളർന്നു വിവേകം പ്രാപിക്കുന്നു. അങ്ങനെ അവരുടെ ജീവിതത്തിൻെറ എല്ലാ വശങ്ങളിലും കാര്യങ്ങരം സുഗമമായി നടക്കുന്നു.

എന്നാൽ ഒരു ക്ലാസ് എടുക്കാമോ? "ഓ, എനിക്കതിനു സമയമില്ല". ക്രിസ്ത്യാനികളായി തീരാത്തവരുടെ വീടുകളിൽ ഒരു സമയം നിശ്ചയിച്ചു ക്ലാസ് സംഘടിപ്പിക്കരുതോ? "ഓ എനിക്കു ഒട്ടും സമയമില്ല".

അദൈ്രകസ്തവർക്കിടയിൽ അവരുടെ പ്രശ്നങ്ങളും ആത്മീയവും വൈകാരികവും സാമ്പത്തികവുമായ പ്രതിസന്ധികളിൽ അവരെ സഹായിക്കാമോ? ഓ എനിക്കു അതിനു സമയമില്ലെന്നേ".

നിങ്ങളുടെ ഭംഗിയുള്ള വീട് അതിഥി സൽക്കാരത്തിനായി, ദൈവത്തിന്നു ഫലം പുറപ്പെടുവിക്കുന്നതിനായി

ഉപയോഗിക്കരുതോ? "അതിനു സമയം കിട്ടുന്നില്ല". രോഗികളെ സന്ദർശിക്കുവാനും അവിശ്വസ്തരായി തീർന്ന ബലഹീനരെ പോയി സന്ദർശിക്കുന്നതിനു പോയിക്കൂടെ? "ഓ, അതിനു സമയം വേണ്ടേ? ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് നടത്തുന്നതു സഹായിക്കാൻ പററുമോ? "ഓ എനിക്കതിനു സമയമില്ല".

അയൽക്കാരോടും അയൽ ദേശക്കാരോടും ലോകത്തോടും സുവിശേഷം അറിയിക്കാൻ പററുമോ? "ഓ, എനിക്കതിനു സമയമില്ല".

ഈ സുന്ദര ലോകത്തിൽ നാം ഇരുന്നു നമുക്കു വേണ്ടതായ കാര്യങ്ങളുടെ ലിസ്റ്റ് തയ്യാറാക്കും, ചെയ്യേണ്ട നിയമാവലികൾ രൂപപ്പെടുത്തും. പക്ഷെ അതിനേക്കാൾ പ്രാധാന്യമുള്ള ദൈവിക കാര്യങ്ങളിൽ നാം ശ്രദ്ധ കൊടുക്കണം. ക്രിസ്തീയ ഉത്തരവാദിത്വങ്ങൾ നിർവ്വഹിപ്പാൻ നാം കടപ്പെട്ടിരിക്കയാണ്.

നല്ല ഭാര്യ, മാതാവു, കുടുംബം നോക്കൽ, നല്ല ഭർത്താവ്, പിതാവ്, കുടുംബത്തിനു വേണ്ടി നല്കൽ എന്നിവ നല്ലതാണ്. ഈ കാര്യങ്ങൾ ഭംഗിയായി നാം നിറവേററേണ്ടതുമാണ്. എന്നാൽ അവ നമ്മുടെ ആത്മീയ ജീവിതത്തെയും സമർപ്പണത്തെയും ബാധിക്കരുതു. ക്രിസ്ത്യാനിത്വം എന്നതു സ്വ സേവനം അല്ല. യേശു നമുക്കു മതൃക തന്നിരിക്കുന്നു. (മത്തായി 20:28). അന്യോന്യം ശുശ്രൂഷിപ്പിൻ എന്നു തിരുവെഴുത്തു നമ്മെ പഠിപ്പിക്കുന്നു (ഗലാത്യർ 5:13).

ഫലം കായ്ക്കുന്ന പ്രവൃത്തികൾ ആയിരിക്കണം ക്രിസ്ത്യാനികൾ ചെയ്യേണ്ടതു (മത്തായി 3:10).

★

# വാർത്തകൾ

## കരിമണൽ സർക്കാർ മുന്നോട്ടില്ല

കരിമണൽ ഖനനത്തിന് എൻ.ഒ.സി. നൽകിയ വ്യവസായ വകുപ്പിൻെറ നടപടി വിവാദമായ സാഹചര്യത്തിൽ ഇതു സംബന്ധിച്ച എല്ലാം തുടർനടപടികളും നിർത്തി വയ്ക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു.

പരിസ്ഥിതി സംബന്ധിച്ചു വിശ്വസനീയ പഠനം നടത്തുകയും ജനപ്രതിനിധികൾ, നേതാക്കൾ തുടങ്ങിയവരുമായി ചർച്ച നടത്തുകയും ചെയ്തശേഷം ഇക്കാര്യത്തിൽ മന്ത്രിസഭ തീരുമാനം എടുക്കുമെന്നു മുഖ്യമന്ത്രി ഉമ്മൻചാണ്ടി അറിയിച്ചു.

തുടർ നടപടികൾ നിർത്തി വയ്ക്കാനുള്ള നിർദേശം മുഖ്യമന്ത്രി തന്നെയാണു യോഗത്തിൽ അവതരിപ്പിച്ചത്. അതു ചർച്ച കൂടാതെ അംഗീകരിച്ചതായി ഉമ്മൻ ചാണ്ടി പറഞ്ഞു, ജനവികാരം മാനിക്കുന്ന സർക്കാരിനു സ്വീകരിക്കാവുന്ന നിർദേശമാണിത്.

വ്യവസായ വകുപ്പിൻെറ ഭാഗത്തു നിന്നു വീഴ്ച്ച വന്നിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. മുൻപ് മൂന്നു തവണ ഇതു മന്ത്രിസഭയിൽ വന്നിരുന്നു. കേന്ദ്ര ഖനി വകുപ്പിൻെറ അനുമതി ലഭിക്കുന്ന മുറയ്ക്കു തുടർനടപടി സ്വീകരിക്കാൻ വ്യവസായ വകുപ്പിന് അധികാരമുണ്ട്. കഴിഞ്ഞ ജൂണിൽ അനുമതി കിട്ടി. തുടർന്നു കോടതിയിൽ കേസായി. താൽക്കാലിക വിധി അനുസരിച്ച് എൻ.ഒ.സി. നൽകാൻ തടസ്സമില്ല. കോടതി അനുമതിയോടെയേ ഖനനം അനുവദിക്കൂ എന്നായിരുന്നു വ്യവസ്ഥ.

## കേരളത്തിന് പ്രത്യേക റയിൽവേ സോൺ വേണം

കേരളത്തിനു പ്രത്യേക റയിൽവേ സോൺ അനുവദിക്കണമെന്നു മുഖ്യമന്ത്രി ഉമ്മൻചാണ്ടി കേന്ദ്ര റയിൽവേ മന്ത്രി ലാലുപ്രസാദ് യാദവിനു നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടു.

സംസ്ഥാനത്തിന്റെ ഭൂപ്രകൃതി, ജനസംഖ്യ, യാത്രാസൗകര്യം, ഭരണപരമായ എളുപ്പം എന്നിവ പരിഗണിക്കുമ്പോൾ പ്രത്യേക റയിൽവേ സോൺ അനിവാര്യമാണ്. നിലവിലുള്ള തിരുവനന്തപുരം, പാലക്കാട്, ഡിവിഷനുകളെ യോജിപ്പിച്ച് സോൺ രൂപീകരിക്കുന്നതാണ് അഭികാമ്യം. സർവീസുകൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഇതു സഹായകമാകും.

കേരളത്തിൽ നിലവിലുള്ള ലൈനുകളുടെ ഇരട്ടിപ്പിക്കലിനും വൈദ്യുതീകരണത്തിനും മുഖ്യപരിഗണന നൽകണം. നിർമാണത്തിലുള്ള റയിൽവേ മേൽപ്പാലങ്ങളുടെ പണി അടിയന്തരമായി പൂർത്തിയാക്കുകയും ശേഷിച്ചവയുടെ പണി തുടങ്ങുകയും വേണം. താനൂർ-ഗുരുവായൂർ, അങ്കമാലി-ശബരി പാതകളുടെ പൂർത്തീകരണത്തിന് നടപടി സ്വീകരിക്കണം. കാസർകോട്-കന്യാകുമാരി ടൂറിസം ട്രെയിൻ ആരംഭിക്കണം.

നെടുമ്പാശേരിയിൽ റയിൽവേ സ്റ്റേഷൻ ആരംഭിക്കണമെന്നതാണു മറ്റൊരു ആവശ്യം. കൊല്ലം-വിരുദനഗർ ഗേജ് മാറ്റം കൂടുതൽ തുക വകയിരുത്തി ത്വരിതപ്പെടുത്തണം. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ വികസനത്തിന് ഉതകുന്ന വിധം ആ മേഖലയിൽ റയിൽവേ വികസനം സാധ്യമാക്കണം.

# ഇന്ത്യയ്ക്ക് യു.എസ്. ആയുധങ്ങൾ

തന്ത്രപ്രധാനമായ പങ്കാളിത്തത്തിലെ തുടർനടപടിയുടെ ഭാഗമായി ഇന്ത്യയ്ക്കു യുദ്ധോപകരണങ്ങൾ നൽകാൻ അമേരിക്ക തയാറാകും. പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങും പ്രസിഡൻറ് ജോർജ് ബുഷും തമ്മിൽ നടന്ന ചർച്ചയിലാണ് ഇതിനു വഴിതുറന്നത്.

പരമ്പരാഗതമായി സോവിയററ് യൂണിയനായിരുന്നു ഇന്ത്യയ്ക്കു യുദ്ധോപകരണങ്ങൾ നൽകിയിരുന്നത്. ശീതയുദ്ധകാലത്തു തുടങ്ങിയ ആ സഹകരണം സോവിയററ് യൂണിയൻെറ തകർച്ചയ്ക്കു ശേഷം റഷ്യയുമായി തുടരുന്നതിനിടയ്ക്കാണു തന്ത്രപ്രധാന പങ്കാളിത്തത്തിൽ വഴിത്തിരിവെന്നു പറയാവുന്ന ഈ തീരുമാനം. ബുഷുമായുള്ള ചർച്ചയിലെ ഏററവും ശ്രദ്ധേയമായ നേട്ടമായി വ്യാഖ്യാനിക്കപ്പെടുന്നതും ഇതുതന്നെ.

പ്രതിരോധത്തിനു പുറമേ സാമ്പത്തിക-സാങ്കേതിക മേഖലകളിലും ഉഭയകക്ഷി സഹകരണം വർധിപ്പിക്കാൻ തീരുമാനമായി. സാങ്കേതികവിദ്യാരംഗത്ത് ഇന്ത്യയുടെ വളർച്ച അംഗീകരിച്ചുകൊണ്ടാണു സഹകരണം കൂട്ടാൻ തീരുമാനിച്ചത്. കൂടുതൽ സംയുക്ത സൈനിക പരിശീലനങ്ങളും നടത്തും. പാക്കിസ്ഥാനു നാറേറാ ഇതര സഖ്യകക്ഷി എന്ന പദവി നൽകിയതിനു പിന്നാലെയാണ് ഇപ്പോഴം ഇന്ത്യയോടു സമാനസ്വഭാവമുള്ളതെന്നു വിശേഷിപ്പിക്കാവുന്ന പുതിയ സഹകരണം. യു.എസിൽ നിന്നു യുദ്ധോപകരണങ്ങൾ കിട്ടുന്നതു ദക്ഷിണേഷ്യൻ സൈനിക സന്തുലനത്തിൽ ഇന്ത്യയുടെ മേൽക്കൈ നിലനിർത്താനുമുപകരിക്കും.

## മുഖ്യന്റെ ഖജനാവിലേക്ക് പപ്പേട്ടന്റെ ഓർമത്തുട്ട്

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അറിയാൻ, ആ ഒററ രൂപത്തുട്ട് പപ്പേട്ടന്റേതായിരുന്നു; വാളേരിപ്പറമ്പ് പത്മനാഭൻ എന്ന പപ്പേട്ടന്റെ വണ്ടിക്കൂലിക്കു കാശില്ലാതിരുന്ന കാലത്ത് ഒരു രൂപ നൽകി സഹായിച്ച പേരറിയാത്ത തുന്നൽക്കാരനെ കഴിഞ്ഞ ദിവസം മലയാള മനോരമ ആഴ്ചപ്പതിപ്പിൽ ഉമ്മൻ ചാണ്ടി അനുസ്മരിച്ചിരുന്നു. 33 കൊല്ലം പഴക്കമുള്ള കഥയിലെ നായകനാവുകയാണ് പപ്പേട്ടൻ.

ഒററപ്പാലം എൻ.എസ്.എസ്. കോളജിൽ കെ.എസ്.യു. യോഗത്തിൽ പങ്കെടുക്കാനാണ് അന്ന് എം.എൽ.എയായിരുന്ന ഉമ്മൻചാണ്ടിയും ഇപ്പോൾ എൻ.സി.പി. നേതാവായ എ.കെ. ശശീന്ദ്രനും പെരിന്തൽമണ്ണയിൽ നിന്നു ഷൊർണൂരിലെത്തിയത്. ഒററപ്പാലത്തേയ്ക്കു പോകാൻ ബസ്,കൂലിക്ക് ഒരു രൂപയുടെ കുറവുണ്ട്. അതിരാവിലെ കട തുറക്കാനെത്തിയ തുന്നൽക്കാരനെ സമീപിച്ചു. പുതുപ്പള്ളി എം.എൽ.എയാണെന്നും വണ്ടിക്കൂലിക്കു കാശില്ലെന്നും പറഞ്ഞപ്പോൾ ഒരു രൂപ കൊടുത്ത തുന്നൽക്കാരൻ അവിശ്വസനീയമായി നോക്കിയതും ഉമ്മൻ ചാണ്ടി ഓർക്കുന്നു. പിന്നീടൊരിക്കൽ കടം വാങ്ങിയ പണം കൃത്യമായി തിരിച്ചുകൊടുത്തപ്പോൾ തുന്നൽക്കാരന്റെ മുഖത്തു കണ്ട വിസ്മയവും ഇന്നത്തെ മുഖ്യമന്ത്രിയുടെ മനസിലുണ്ട്, ഇന്നലെ മനോരമ വാരിക വായിക്കുമ്പോഴും പഴയ അവിശ്വസനീയമായ മുഖഭാവം തന്നെയായിരുന്നു ഷൊർണൂരുകാർ മിനിസ്ററർ പപ്പൻ എന്നു വിളിക്കുന്ന പത്മനാഭന്.

★

# പൂർണ്ണത ക്രിസ്തുവിൽ

**ഫ്രെഡ് ഡെല്ലൻ**

ക്രിസ്തുവിൽ ആയി തീരുന്നതിനു വളരെ പ്രാധാന്യമുണ്ട്. സർവ്വ സമ്പൂർണ്ണതയും അവനിൽ വസിക്കുന്നു എന്നതാണ് കാരണം. ''എല്ലാ വാഴ്ച്ചക്കും അധികാരത്തിന്നും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു'' (കൊലൊസ്യർ 2:10). ഒന്നിനും കുറവില്ലാതെ ആകണമെങ്കിൽ നാം ക്രിസ്തുവിലായി തീരണം. അവൻ സർവ്വത്തിനും മീതെ തലയായിട്ടുണ്ട്. എപ്പോഴാണ് ഒരാൾ തികച്ചും പൂർണ്ണമായ ജീവിതം നയിക്കുന്നതു? സ്വാഭാവികമായി ഉണ്ടാകാവുന്ന ചോദ്യമാണിത്.

ദീർഘകാലം ജീവിച്ചിരിക്കുന്നതാണ് അതെങ്കിൽ മെഥൂശലേം അതിനു യോഗ്യതയുള്ള വ്യക്തിയായിരിക്കും. തിരുവെഴുത്തു പറയുന്നതു അവൻ 969 വർഷം ജീവിച്ചിരുന്നു എന്നാണ്. അവന്റെ പിതൃത്വത്തെ കുറിച്ചും അവന്റെ മകനെ കുറിച്ചും രേഖപ്പെടുത്തിയിട്ടുണ്ടെന്നല്ലാതെ അധികമൊന്നും വിവരിച്ചിട്ടില്ല. പിന്നീട് അവന്റെ മരണത്തെ കുറിച്ചും പറയുന്നുണ്ട്.

നമ്മുടെ രക്ഷകനായി ഈ ഗ്രഹത്തിൽ യേശു ഏതാണ്ട് 33 വർഷം ജീവിച്ചിരുന്നു. വളരെ ചുരുങ്ങിയ കാലയളവു മാത്രം മനുഷ്യനായി ജീവിച്ചിരുന്നു. പുതിയ നിയമത്തിലെ വിവരമനുസരിച്ചു യോഹന്നാൻ പറയുന്നു, ഈ ചുരുങ്ങിയ വർഷങ്ങൾ കൊണ്ടു അവൻ ചെയ്തതിനെ കുറിച്ചാണ് പറയുന്നതു. യേശു ചെയ്തതു മററു പലതും ഉണ്ട്. അതു ഓരോന്നായി എഴുതിയാൽ എഴുതിയ പുസ്തകങ്ങൾ ലോകത്തിൽ തന്നെയും ഒതുങ്ങുകയില്ല എന്നു ഞാൻ നിരൂപിക്കുന്നു (യോഹന്നാൻ 21:25).

തികവുള്ള ജീവിതം എന്നു പറയുന്നതു നാം എത്ര

കാലം ഇവിടെ ജീവിക്കുന്നു എന്നതിനെ ആസ്പദമാക്കിയല്ല, മറിച്ച് നമുക്കു സകലത്തിന്റേയും സൃഷ്ടി കർത്താവായ യേശുക്രിസ്തുവുമായുള്ള ബന്ധം അനുസരിച്ചാണ് ഇരിക്കുന്നത് (യോഹന്നാൻ 1:3). അവനിൽ നിന്നാണ് നാം പൂർണ്ണത കൈവരിക്കുന്നതു. നമ്മുടെ യോഗ്യത അതിനു മാനദണ്ഡമല്ല എന്നതാണ് പരമാർത്ഥം.

നാം ഈ ലോക ജീവിതത്തിൽ ചെയ്യുന്നതു പരിഗണിച്ചാൽ അതു സാമ്പത്തികമോ, സാമൂഹികമോ, രാഷ്ട്രീയമോ, മതപരമോ എന്തു തന്നെ ആകട്ടെ, ദൈവേഷ്ടത്തിന്നു നമ്മെത്തന്നെ കീഴ്പ്പെടുത്തുന്നതുമായി താരതമ്യം ചെയ്യുമ്പോരം മുൻ പറഞ്ഞതെല്ലാം വാടി പോകുന്നതായി കാണാം (റോമർ 12:1-2).

എനിക്കു ധാരാളം അവസരങ്ങരം കിട്ടിയിട്ടുണ്ട്. ചിലർ അതിനെ അഭിമാനകരമായ നേട്ടമായി വിലയിരുത്തുന്നു. എന്റെ ജീവിതത്തിൽ ഞാൻ ഒരു പടയാളിയായി, വാർത്താ ലേഖകനായി, പ്രസാധകനായി, സുവിശേഷ പ്രസംഗകനായി രാഷ്ട്രത്തലവനോടും പല ജന പ്രതിനിധികളോടും ഗവർണ്ണർമാരോടും ഞാൻ സംസാരിച്ചിട്ടുണ്ട്. അവരിൽ ആരും തന്നെ ബൈബിരം പറയുന്നതനുസരിച്ച് ക്രിസ്ത്യാനികളായി തീർന്നിട്ടില്ലായിരുന്നു. അവരുടെ ഭൗമികമായ നേട്ടങ്ങളാൽ അവർ ജനമദ്ധ്യേ വളരെക്കാലം ഓർമ്മിക്കപ്പെട്ടേക്കാം. എന്നാൽ അവരുടെ ജീവിതം പൂർണ്ണമായിട്ടുണ്ടോ? അക്കാര്യത്തിൽ കർത്താവു തന്നെ ഒരൊററ പരമാധികാരി.

യേശു തന്റെ ഈ യുഗ ജീവിതത്തിൽ "ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റേയും മനുഷ്യരുടെയും കൃപയിലും മുതിർന്നു വന്നു" (ലൂക്കൊസ് 2:52). തന്റെ ജനം വളർന്നു കാണുവാൻ ദൈവം ആഗ്രഹിക്കുന്നു. "ക്രിസ്തു എന്ന തലയോളം നാം സകലത്തിലും വളര

ണം (എഫെസ്യർ 4:15). അല്ലെങ്കിൽ ദൈവ സന്നിധിയിൽ നമ്മുടെ ജീവിതം പൂർണ്ണമാകയില്ല.

ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയോടു നാം ചേർക്കപ്പെട്ട ശേഷം ദൈവേഷ്ടം പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു മനസിലാക്കി സൽഗുണ പൂർത്തി പ്രാപിക്കണം. ക്രിസ്തുവിലായി തീരുന്നതു അവനിലും അവന്റെ ഉപദേശത്തിലും വിശ്വസിച്ചു കൊണ്ടാകണം. പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടുകയും വേണം. യേശുവിനെ കർത്താവും ദൈവ പുത്രനുമായി ഏററു പറഞ്ഞു പാപമോചനത്തിനായി സ്നാനം ഏല്ക്കുകയും ചെയ്യണം. അപ്പോൾ കർത്താവു ആ വ്യക്തിയെ തന്റെ സഭയോടു ചേർക്കും. ദൈവത്തോടു പാപികളായ മനുഷ്യർക്കു അടുക്കുവാൻ ഏക മദ്ധ്യസ്ഥനും ഏക രക്ഷിതാവുമാണ് ഉള്ളത്. വിശ്വാസത്തോടു ക്രിസ്തീയ കൃപകൾ നാം കൂട്ടിച്ചേർക്കേണ്ടതുണ്ട് (2പത്രോസ് 1: 5-11).

അതിൽ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കലും ഉൾപ്പെടുന്നു. ആത്മാവിൽ നടന്നു നാം തുടർച്ചയായി വളരണം (ഗലാത്യർ 5:16) ആത്മാവിന്റെ ഫലങ്ങൾ ഓരോരുത്തരും പുറപ്പെടുവിച്ചു കൊണ്ടിരിക്കണം (ഗലാത്യർ 5: 22-23). ജഡത്തിന്റെ ഇച്ഛകളെ നാം വിട്ടു കളഞ്ഞാലേ അതു സാധിക്കയുള്ളു. മരണപര്യന്തം ദൈവത്തോടു വിശ്വസ്തത പുലർത്തി ജീവിക്കണം (വെളിപ്പാട് 2:10). ദൈവത്തിന്നു ദാസ്യവേല ചെയ്യുന്നവരായിരിക്കണം. താഴ്മയോടെ ദൈവത്തിനു കീഴ്പ്പെട്ടിരുന്നാൽ നാം നിഷ്കളങ്കരായി തീരും. പിശാചിനോടു പോരാടുവാൻ ദൈവത്തിനു കീഴ്പ്പെട്ടിരിപ്പിൻ (യാക്കോബ് 4:7-8). നാം കർത്താവിന്റെ മുൻപിൽ താഴ്ന്നിരുന്നാൽ അവൻ നമ്മെ ഉയർത്തും.

നിങ്ങൾ പൂർണ്ണതയുള്ള ജീവിതം നയിക്കാനാഗ്രഹി

ക്കുന്നുവോ? ക്രിസ്തുവിന്റെ സുവിശേഷം കേൾക്കു (യോഹന്നാൻ 6:45; റോമർ 1:16). സുവിശേഷം അനുസരിക്കുക (2തെസ്സലൊനീക്യർ 1:7-9). ആത്മാവിൽ നടക്കുക (ഗലാത്യർ 5:25). ക്രിസ്തുവിൽ സകല ആത്മികാനുഗ്രഹങ്ങളും ഉണ്ട് (എഫെസ്യർ 1:3). അവനിൽ ശിക്ഷാവിധിയില്ല, അവനിൽ നിത്യജീവൻ ഉണ്ട്. വീണ്ടെടുപ്പും പാപമോചനവും അവനിലുണ്ട്.

മാനുഷികമായ കാഴ്ചപ്പാടു ഈ വിഷയത്തിൽ നോക്കരുത്. കാരണം മനുഷ്യൻ പുറമെയുള്ളതു കാണുന്നു. ദൈവമോ നമ്മുടെ ഹൃദയങ്ങളെയാണ് നോക്കുന്നത്. ഒരിക്കൽ ഒരു യുവാവ് യേശുവിന്റെ അടുക്കൽ വന്നു നിത്യജീവൻ പ്രാപിക്കാൻ എന്തു ചെയ്യണം എന്നു ചോദിച്ചു. അതിന്നു കർത്താവ്, ന്യായപ്രമാണത്തിൽ പറയുന്നതു ചെയ്ക എന്നു പറഞ്ഞു: അന്നു ന്യായപ്രമാണം നിലവിലുണ്ടായിരുന്ന സമയമായിരുന്നു. ഏവ എന്നു അവൻ കർത്താവിനോടു ചോദിച്ചു. "കുല ചെയ്യരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷ്യം പറയരുത്, അപ്പനെയും അമ്മയെയും ബഹുമാനിക്ക, കൂട്ടുകാരനെ നിന്നെ പോലെ തന്നെ സ്നേഹിക്ക എന്നിവ തന്നെ എന്നു പറഞ്ഞു. യൌവനക്കാരൻ: ഇവയൊക്കെയും ഞാൻ പ്രമാണിച്ചു വരുന്നു. ഇനി കുറവുള്ളത് എന്തു എന്നു ചോദിച്ചു. യേശു അവനോടു സൽഗുണ പൂർണ്ണൻ ആകുവാൻ ഇച്ഛിക്കുന്നു എങ്കിൽ.....(മത്തായി 19:16-22).

നമ്മുടെ ജീവിതത്തിലെ ലക്ഷ്യം നമ്മുടെ യജമാനന്റെ ഇഷ്ടം നിറവേറ്റുക എന്നതായിരിക്കണം. മറ്റൊന്നും നമ്മെ തികവുള്ളവരാക്കുന്നില്ല. നിങ്ങൾ പരിപൂർണ്ണരായി തീരാൻ കർത്താവു കല്പിച്ചതു ചെയ്യും എന്നു ഞാൻ കരുതുന്നു.

★

# ഞാൻ പാപം ചെയ്യാതിരിക്കേണ്ടതിനു

**ക്ലെം തർമൻ**

ക്രിസ്ത്യാനികൾ ഓരോരുത്തരും ബഹുവിധമായ പരീക്ഷണങ്ങൾ നേരിടുന്നുണ്ട്. അപ്പോൾ ചോദിച്ചു പോകാറുള്ള ചോദ്യം: "എങ്ങനെ എനിക്കു ഈ പരീക്ഷണത്തെ അതിജീവിച്ചു ദൈവത്തിനായി ജീവിക്കാൻ സാധിക്കും എന്നാണ്. ഓരോ ദൈവ പൈതലിനും ഇതു പരമപ്രധാനമായ ചോദ്യമാണ്. പാപം കൂടാതെ നാം ജീവിക്കണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം. ദൈവം നമ്മെ ദോഷങ്ങളാൽ പരീക്ഷിക്കയില്ല. അതു സാത്താന്റെ പ്രവൃത്തിയാണ്. നാം വിശുദ്ധനായി നില നിൽക്കണമെന്നതാണ് ദൈവഹിതം. "ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്നു ആരും പറയരുത്. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവൻ ആകുന്നു. താൻ ആരെയും പരീക്ഷിക്കുന്നതുമില്ല." ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നതു സ്വന്ത മോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു (യാക്കോബ് 1:13-14). പരീക്ഷ നേരിടുമ്പോൾ ദൈവം പരീക്ഷയോടു കൂടെ പോക്കു വഴിയും ഒരുക്കും (1കൊരിന്ത്യർ 10:13). രക്ഷപ്പെടുവാനുള്ള ആ വഴി നാം കണ്ടെത്തണമെന്നു ദൈവം ആഗ്രഹിക്കുന്നു.

പാപം കൂടാതെ എങ്ങനെ നില നിൽക്കാമെന്നു ഒററ വാചകത്തിൽ തികവുള്ള ഒരു ഉത്തരം പറയാൻ പ്രയാസമാണ്. എന്നാൽ നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ വചനവുമായുള്ള ബന്ധത്തിൽ പ്രയോജനപ്രദമായി പഠിക്കുകയാണെങ്കിൽ ദൈവം നമ്മെ സഹായിക്കുവാനുണ്ടാകും എന്നതു തീർച്ചയാണ്. ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നതാണ് പൗലൊസ് കൊലോസ്യയിലെ ക്രിസ്ത്യാനിക

ങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതു. "നിങ്ങളിൽ ഒരുത്തനായി ക്രിസ്തു യേശുവിൻെറ ദാസനായ എപ്പഫ്രാസ് നിങ്ങളെ വന്ദനം ചെയ്യുന്നു; നിങ്ങൾ തികഞ്ഞവരും ദൈവഹിതം സംബന്ധിച്ചതൊക്കെയും പൂർണ്ണ നിശ്ചയമുള്ളവരായി നില്ക്കേണ്ടതിന്നു അവൻ പ്രാർത്ഥനയിൽ നിങ്ങൾക്കു വേണ്ടി എപ്പോഴും പോരാടുന്നു" (കൊലൊസ്യർ 4:12). നമുക്കു അതെങ്ങനെ ചെയ്യാൻ കഴിയും എന്നു മനസിലാക്കാൻ താഴെ കൊടുത്തിരിക്കുന്ന പോയിൻെറുകൾ സഹായിച്ചേക്കാം.

## ശരിയായ ഒരുക്കം നമുക്കു ഉണ്ടാകണം

നമ്മിൽ മിക്കവരും നേരിടുന്ന പ്രശ്നം എന്തെന്നാൽ പരീക്ഷണം നേരിടുമ്പോൾ ആ പ്രത്യേക പരീക്ഷണത്തെ, പ്രത്യേക സമയത്തു നേരിടാൻ നാം ഒരുങ്ങിയിട്ടില്ല എന്നതാണ്. പരീക്ഷണം നമ്മിൽ വരുന്നതു വരെ ഒരുക്കത്തിനായി കാത്തിരിക്കാൻ പ്രയാസമാണ്. നാം ഇപ്പോൾ ഒരുങ്ങിയാൽ പരീക്ഷണം വരുമ്പോൾ ധൈര്യമായി നേരിടാം. "ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിന്നു നിൻെറ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു. യഹോവേ നീ വാഴ്ത്തപ്പെട്ടവൻ. നിൻെറ ചട്ടങ്ങളെ എനിക്കു ഉപദേശിച്ചു തരേണമേ" (സങ്കീർത്തനങ്ങൾ 119:11-12).

പാപം ഒഴിവാക്കുവാൻ നാം അതിനെ തിരിച്ചറിയുകയും പ്രതിരോധിക്കയും വേണം. അതാണ് സങ്കീർത്തനത്തിൽ കാണുന്നതു. പൗലൊസ് പറയുന്നു: ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാണ് തിരുവെഴുത്ത് (2 തിമൊഥെയൊസ് 3:16). നാം ശരിയായി ദൈവ വചനം വായിച്ചു മനസിലാക്കിയാൽ ശരിയും തെററും വേർതിരിച്ചറിയുവാൻ കഴിയും.

വെറുതെ വായിക്കുന്നതിനേക്കാൾ ശരിയായ തയ്യാറെ

ടുപ്പ് ഉണ്ടാകണം. "ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ടു നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൗമ്യതയോടെ കൈക്കൊൾവിൻ. എങ്കിലും വചനം കേൾക്ക മാത്രം ചെയ്തു കൊണ്ടു തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ. ഒരുത്തൻ വചനം കേൾക്കുന്നവൻ എങ്കിലും ചെയ്യാത്തവൻ ആയിരുന്നാൽ അവൻ തന്റെ സ്വാഭാവിക മുഖം കണ്ണാടിയിൽ നോക്കുന്ന ആളോടു ഒക്കുന്നു. അവൻ തന്നെത്താൻ കണ്ടു പുറപ്പെട്ടു താൻ ഇന്ന രൂപം ആയിരുന്നു എന്നു ഉടനെ മറന്നു പോകുന്നു. സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം ഉററു നോക്കി അതിൽ നില നില്ക്കുന്നവരോ കേട്ടു മറക്കുന്നവനല്ല, പ്രവൃത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഭാഗ്യവാൻ ആകും" (യാക്കോബ് 1:21-25). നമ്മൾ പലരും വസ്ത്രം ധരിക്കുന്നതു പോലെ, വാഹനം ഓടിക്കുന്നതു പോലെ ശീലം ഉള്ളവരാണ്. ആ ശീലം നമ്മുടെ ജീവിതത്തിൽ ദൈവത്തിന്നു വേണ്ടി ഉപയോഗിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. ദൈവ വചനം ഉള്ളിൽ സംഗ്രഹിച്ച് കുറെ കാലം കൊണ്ടു നമ്മുടെ ശീലത്തെ ദൈവേഷ്ടമാക്കി മാററണം.

## ഉറച്ച തീരുമാനം നമുക്കാവശ്യമാണ്

പാപത്തിനതീതമായി ജീവിക്കണമെങ്കിൽ അതു ചെയ്യുവാനൊരു മനസും തീരുമാനവും വേണം. പൌലൊസ് എഴുതിയതു: "എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു. എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലെക്കു ഫലം വരുമെങ്കിൽ ഏതു തിരഞ്ഞെടുക്കേണ്ടു എന്നു ഞാൻ അറിയുന്നില്ല. ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു; വിട്ടു പിരിഞ്ഞു ക്രിസ്തുവിനോടു കൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ടു. അതു അത്യുത്തമമല്ലൊ" (ഫിലിപ്പിയർ 1:21-23).

ഇത്തരം ഉദ്ദേശം മനസിലുണ്ടായിരുന്നതു കൊണ്ടു ക്രിസ്തീയ ജീവിതം പൗലൊസിനു എളുപ്പമായിരുന്നു (ഗലാത്യർ 2:20). ദൈവ സ്നേഹമാണ് അവനെ അതിനു പ്രേരിപ്പിച്ചതു (യോഹന്നാൻ 3:16). അതുകൊണ്ടു നാം പഴയ മനുഷ്യനെ ഉപേക്ഷിച്ചു, പാപത്തെ നീക്കി കളഞ്ഞു, ക്രിസ്തുവിന്നായി ജീവിക്കുക.

## ശരിയായ മനോഭാവം നാം വളർത്തണം

ലോകത്തിലെ ചപ്പും ചവറും കൊണ്ടു നാം നമ്മുടെ മനസും ഹൃദയവും നിറച്ചാൽ ദൈവത്തിനും ക്രിസ്തുവിനും അവിടെ യതൊരു സ്ഥാനവും ലഭിക്കയില്ല. "സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽ നിന്നല്ലൊ ആകുന്നതു" (സദൃശവാക്യങ്ങൾ 4:23). അവൻ തന്റെ മനസിൽ കണക്കു കൂട്ടുന്നതു പോലെ ആകുന്നു; തിന്നു കുടിച്ചു, കൊൾക എന്നു അവൻ നിന്നോടു പറയും; അവന്റെ ഹൃദയമോ നിനക്കു അനുകൂലമല്ല" (സദൃശവാക്യങ്ങൾ 23:7). നാം എത്ര ശ്രമിച്ചാലും ചിലപ്പോൾ പാപം ചെയ്തു പോകും. നമ്മുടെ ഹൃദയ വിചാരങ്ങൾ ദൈവികമായി സൂക്ഷിക്കുകയാണ് ഉത്തമം. ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവ തേജസ് ഇല്ലാത്തവരായി തീർന്നു (റോമർ 3:23-24). നമ്മിൽ പാപം ഇല്ല എന്നു നാം പറയുന്നുവെങ്കിൽ സത്യം നമ്മിൽ ഇല്ലാതെ പോയി: നാം നമ്മെ തന്നെ വഞ്ചിക്കുന്നു എന്നാണ് യോഹന്നാൻ എഴുതിയിരിക്കുന്നതു (1 യോഹന്നാൻ 1:8). ഈ ലോകത്തിലെ സകല അഴുക്കും സാത്താന്റെ അഴിമതിയും നമ്മിലേക്കു വരാൻ അനുവദിക്കാതെ എപ്പോഴും ദൈവത്തോടു അടുത്തിരിക്കയും ഹൃദയത്തിൽ ദൈവത്തിന്നു സ്ഥാനം കൊടുക്കയും വേണം.

★

# വ്യതിചലിക്കലിന്റെ അപകടം

റൊണാൾഡ് ഡി. ബി.

യാഥാർത്ഥ്യം നിങ്ങളെ നിരാശപ്പെടുത്തുമ്പോൾ, ഭീഷണി അല്ലെങ്കിൽ വിരസത അനുഭവപ്പെടുമ്പോൾ നിങ്ങളുടെ പ്രതികരണം എന്തായിരിക്കും? നമ്മിൽ പലരും യാഥാർത്ഥ്യം നമ്മെ രസിപ്പിക്കാതെ വരുമ്പോൾ നമ്മെ വ്യതിചലിപ്പിക്കുന്ന ഉത്തേജനത്തെ അന്വേഷിക്കുന്ന ഒരു സ്ഥിതിയാണ് ഉണ്ടാകുന്നതു. വളരെ ഗൗരവമായ കാര്യങ്ങളാണെങ്കിൽ പോലും നാം ചെലവിടുന്നതിനെക്കാൾ ആവശ്യമായ സന്ദർഭത്തിൽ നാം കോട്ടുവായിട്ടുകൊണ്ടു ചുററുപാടും നോക്കി ആകർഷണീയമായ മറെറന്തിലേക്കെങ്കിലും തിരിയും.

ഒരു കാര്യം നമ്മെ ഭീഷണിപ്പെടുത്തിയാൽ നാം മററു പരിചിതമായ കാര്യങ്ങളിൽ ആശ്വാസം കണ്ടെത്താൻ ശ്രമിക്കും. നമുക്കു കൈകാര്യം ചെയ്യാൻ പ്രയാസമുള്ള ഒരു കാര്യം നേരിട്ടാൽ പ്രയാസമില്ലാത്ത മറെറന്തെങ്കിലും ചെയ്യുവാൻ നാം ശ്രമിക്കും. മതപരമായ കാര്യങ്ങളിൽ പോലും പ്രത്യേകിച്ചു വ്യതിചലിക്കുവാനുള്ള പ്രേരണ കൂടുതലാണ്. അതിന്റെ കാരണത്തെ വിശദമായി പരിശോധിച്ചാൽ ആരാധനക്കു പോകുന്നവരും പള്ളികളിൽ പോകുന്നവരും ഗൗരവമായ ബൈബിൾ പഠനം, അച്ചടക്കമുള്ള പ്രാർത്ഥന, ആരാധന എന്നിവ ഉപേക്ഷിക്കുന്നതായി കാണാം. പലരിലും വരുത്തേണ്ട അച്ചടക്ക നിർദ്ദേശങ്ങളെ ശ്രദ്ധിക്കാതെ വിടുന്നു എന്നതാണ് അനേകരിലും ഉള്ള കാര്യം. അതു അവരെ പരാജയപ്പെടുത്തും. (എഫെസ്യർ 5:15-20).

മതപരമായ വലിയ വ്യതിചലനങ്ങൾക്കുള്ള കാരണങ്ങളിൽ ഒന്നാണ് മാനുഷിക ഊഹാപോഹങ്ങൾ. നിഷേധി

ക്കാനാവാത്ത പരമാർത്ഥമാണ് മനുഷ്യരായ നാം കാര്യങ്ങളെ സങ്കല്പിക്കും എന്നതു.

സിദ്ധാന്തങ്ങൾ മെനയുവാനും അഭിപ്രായങ്ങൾ പരസ്യമാക്കുവാനും നാം മിടുക്കരാണ്. കാരണം അതു വളരെ എളുപ്പമാണ്. ദൈവ വചനത്തിലെ വളരെ ചെറുതെന്നു തോന്നിക്കുന്ന സത്യമായാലും അതിൽ നിന്നു വ്യതിചലിപ്പിക്കുന്ന എന്തു തന്നെ ആയാലും വേദനയുണ്ടാക്കുന്നതാണ് (യാക്കോബ് 1:20-21).

ദൈവ വചനത്തോടൊപ്പം മനുഷ്യരുടെ അഭിപ്രായങ്ങളും എടുത്തുകൊണ്ടു വിശ്വാസികൾ എന്നു പേരെടുത്തിരിക്കുന്നു എന്നു അല്പം വേദനയോടെ ഞാൻ പറയട്ടെ. മനുഷ്യരുടെ ഉപദേശങ്ങൾ എല്ലാം തന്നെ മാനുഷിക സങ്കല്പത്തിൽ നിന്നു ഉടലെടുക്കുന്നതാണ്. അവയെ ആശ്ലേഷിച്ചു സ്വീകരിക്കുന്നവർ അപകടം വിളിച്ചു വരുത്തുകയാണ് ചെയ്യുന്നതു (മത്തായി 15:8-9; ഗലാത്യർ 1:8-9).

പിന്നെ ചില അമിതമായ വ്യത്യാസം പ്രകടിപ്പിക്കുന്നവർ ഉണ്ട്. മതപരമായ വ്യവസായം നടത്തുന്നവരുടെ അമിതാവേശം എല്ലാ കാലത്തും ഉണ്ടായിട്ടുണ്ട്. ജനങ്ങളിൽ ആവേശം ഉണർത്തുന്ന പ്രത്യേക പരിപാടികൾ അവർ നടത്തും. ഇടക്കിടെ ആത്മീയമെന്ന രീതിയിൽ അവർ നടത്തുന്നവ ഒന്നും ആത്മീയ പ്രയോജനം ചെയ്യുന്നതല്ല എന്നോർക്കണം. വ്യക്തിപരമായ ആവേശങ്ങൾ അമിതമായി എടുത്തുകൊണ്ട് ആളുകളുടെ കയ്യടി വാങ്ങുന്നവരും ഇവരിൽ പെടുന്നു. അവരുടെ ലക്ഷ്യം തങ്ങളുടെ വ്യവസായ ശുശ്രൂഷയുടെ ഉയർച്ചക്കു പണം ആവശ്യമാണ്, ആ നേട്ടം കൈവരിക്കുവാനാണ് അവർ നോട്ടമിടുന്നത്.

അമിതാവേശം പലപ്പോഴും അനിയന്ത്രിതമായി പോര

കുന്നു; പരിധി വിട്ടു പോകുന്നു. അവിശ്വസനീയമായ അവകാശങ്ങൾ പെരുകുന്നു. അന്യ ഉപദേശങ്ങൾ അവർക്കിടയിൽ നുഴഞ്ഞു കയറുന്നു. അങ്ങനെ അവർ കാണിക്കുന്ന വിക്രിയകളിൽ മനം മയങ്ങി വൻ ജനക്കൂട്ടം അവരെ അനുഗമിക്കുന്നു. പക്ഷേ പററുന്ന കുഴപ്പം എന്തെന്നാൽ ആത്മാക്കൾ ദൈവേഷ്ടത്തിൽ നിന്നും അകന്നു പോകുകയാണ് (മത്തായി 7:21-23). വലുതും ഉയർന്നതുമായതെന്നു തോന്നിക്കുന്ന ആകർഷണീയമായ കാര്യങ്ങൾ ആണ് ഈ മതവ്യവസ്ഥയിൽ ചെയ്യുന്നത്. കുറെ കഴിയുമ്പോൾ ജനങ്ങളെ വീണ്ടും ആവേശഭരിതരാക്കാൻ അവർ വിഷമിക്കും.

വിശുദ്ധ ആചാരങ്ങളുടെ വ്യത്യാസം ആണ് അടുത്തത്. ആദരണീയവും വിശുദ്ധവുമായ ആചാരങ്ങൾ അംഗീകരിക്കത്തക്ക വാക്കുകളിലൂടെ ശരിയായതെന്നു തോന്നും വിധത്തിലുള്ള പ്രസ്ഥാനങ്ങളിലൂടെ വിനയപൂർവ്വം നടത്തുമ്പോൾ ആളുകൾ അതു സ്വീകരിക്കാനിടയാകും. അവരുടെ ഇത്തരം പ്രദക്ഷിണവും അതിനോടൊപ്പമുള്ള സമ്പ്രദായങ്ങളും മതത്തിൻെറ ഭാഗമായി അവർ മാററിയിരിക്കുന്നു. അവ ദൈവേഷ്ടത്തിനു വിരുദ്ധമാണ്. അവ നാദാബിൻേറയും അബീഹൂവിൻേറയും പ്രവൃത്തിയോടു താരതമ്യം ചെയ്യാവുന്നതാണ് (ലേവ്യാപുസ്തകം 10). അവ എത്ര നന്നായി അവതരിപ്പിച്ചാലും വിശുദ്ധമല്ല, മലിനമാണ്. പ്രചുര പ്രചാരത്തിലിരിക്കുന്നവ ആയാലും അവ മാനുഷികമാണ്. അതിൽ ആശ്ചര്യപ്പെടാനൊന്നുമില്ല. സിനിമാ തിയേററർ പ്രചാരത്തിലുള്ളതാണെന്നു അറിയാത്തവർ ആരാണുള്ളത്? നാടകങ്ങൾ ആവേശം കൊള്ളിക്കുന്നതാണെന്നു അറിയാത്തവർ ആരുണ്ട്? ആളുകൾക്കു വിനോദം ഇഷ്ടമാണെന്നു അറിയാത്തവർ ആരുണ്ട്? എങ്ങനെയായാലും തിയേററർ ആരാധനയല്ല! നാടകം ധ്യാനമല്ല, വിനോദം ദൈവത്തെ ആദരിക്കുന്നതുമല്ല. ശ്രേഷ്ഠമായ സത്യം എന്തെന്നാൽ ദൈവം മനുഷ്യരിൽ നി

ന്നു സത്യാരാധകരെ പ്രതീക്ഷിക്കുന്നു (യോഹന്നാൻ 4:23-24).

ഈ വിധത്തിലുള്ള വ്യതിചലനത്തിൽ പെടുന്ന കാര്യമാണ് രോഗശമനത്തെ സംബന്ധിച്ചത്, മതപരമായ സന്ദർഭങ്ങളിൽ ഉൾപ്പെട്ട രോഗശാന്തിയെ കുറിച്ചു വളരെ ശ്രദ്ധിച്ചു പരിശോധിക്കേണ്ടിയിരിക്കുന്നു. അതു ദൈവവചനപ്രകാരം നടക്കുകയോ ദൈവത്തിനു മഹത്വം കൊടുക്കുകയോ ചെയ്യാതിരുന്നാൽ അതു വ്യതിയാനം തന്നെയാണ്. ചിലർ ഈ കാര്യത്തിൽ ദൈവ വചനത്തെ തെററായി ഉപയോഗിക്കുന്നതു ഗൗരവമായി എടുക്കണം. ധാർമികതയെ കുറിച്ച്, കുടുംബ ജീവിതത്തെ കുറിച്ച്, ആരോഗ്യകരമായ ബന്ധത്തെ കുറിച്ചെല്ലാം ദൈവം അരുളിച്ചെയ്തിരിക്കുന്നതു ദൈവിക കല്പനയാണ്. അതു മാനുഷികമായ ആലോചനയോ, സങ്കല്പമോ അല്ല (എഫെസ്യർ 5:22-23; കൊലൊസ്യർ 3:18_23). മനുഷ്യരുടെ അഭിപ്രായങ്ങൾ അവർ പഠിച്ചതാണ്. അതൊരിക്കലും ദൈവകല്പനക്കു സമമാകയില്ല.

മുകളിൽ പറഞ്ഞ പരിപാടികൾ ആളുകളെ ഇളക്കുന്നതിനും ഉത്തേജിപ്പിക്കുന്നതിനും ഉണർത്തുന്നതിനും വേണ്ടി ഉപയോഗിക്കുന്നതു മരുന്നും പണവും രാഷ്ട്രീയവും പോലെയാണ്. ആത്മീയ ഗോളത്തിൽ അവ ഉപയോഗിക്കുമ്പോൾ അതു അപകടകരമായ വ്യതിചലനമാണുണ്ടാക്കുന്നതു. അവസാനം നാശകരമായ ഭേദങ്ങളായി മാറും എന്നതു പരമാർത്ഥമാണ് (കൊലൊസ്യർ2:18-23). മതചരിത്രം പരിശോധിച്ചാൽ ഇത്തരം ഓരോ സംഭവങ്ങൾ ഇഷ്ടപ്പെടുന്നവരും അല്ലാത്തവരും തമ്മിലുണ്ടായ പിണക്കത്തിന്റെ ഫലമായി സഭയിൽ പിളർപ്പുകൾ ഉണ്ടായതായി കാണാം.

★

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6:45 A.M. - 7:00 A.M. and Thursdays, 6:45 AM - 7:00 A.M. Speaker Sunny David, Box 3815, New Delhi - 110049 |
| **Malayalam** | Friday 3:45 - 4.00 pm. Speaker : P.K. Varghese Box 5540, Trivandrum - 34 |
| **Tamil** | Mondays, Tuesdays, Wednesdays Thursdays, Fridays 5:30 P.M. to 5.45 P.M. Speaker, P.R. Swamy, Box 8405, Bangalore 560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M. - 2:15 P.M. Speaker, Joshua Gootam, Box 80, Kakinada - 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum - 695 035, Kerala, India

**Annual subscription: Rs. 50/-**

**Reg. No.K. Dis. 90095/86/A8.Reg. No. KL(N) 22/2003-2005**
**Licensed to post without prepayment No. Tech/62-2 TV(N) 40/2004**

***Join us to worship God in spirit and Truth***
***The***

**CHURCH OF CHRIST**

Meets at T.C. 27/225
Thampuranmukku, Trivandrum - 35

**Sunday - worship - 10.00am**
**Tuesday - Bible Study - 6.00pm**

**ALL ARE WELCOME**

**All correspondence should be sent to the Editor, The Bible Truth, Post Box No. 5540, Trivandrum - 34, Kerala, India**

*From*

THE BIBLE TRUTH
Church of Christ
Thampuranmukku
Trivandrum -695035
Kerala, India
Phone: 2303378

*To*